KERALA INSTITUTE OF LOCAL ADMINISTRATION
An autonomous body constituted by the Government of Kerala
Mulamkunnathukavu P.O., Thrissur - 680581, Kerala, India
Fax:+91 487 - 2201062; Website:www.kila.ac.in

Dr. Joy Elamon
Director
Phone : +91 487 - 2201312
Mob : +91 9446521312
Email : director@kila.ac.in
Skype : joy.elamon

21 ഏപ്രിൽ 2018

<u>പ്രസിദ്ധീകരണത്തിന്</u>

**പഞ്ചായത്തീരാജിന്റെ കാൽ നൂറ്റാണ്ട്—കിലയുടെ നേതൃത്വത്തിൽ ദേശീയ സമ്മേളനം ഏപ്രിൽ 24-25 ന് തിരുവനന്തപുരത്ത്**

പഞ്ചായത്തീരാജിന് നിയമ പിൻബലം നൽകിയ 73-ാം ഭരണഘടനാ ഭേദഗതി ബിൽ പാസാക്കിയത് 1993 ഏപ്രിൽ 24 ന് ആണല്ലോ. പഞ്ചായത്തീരാജ് നിലവിൽ വന്നിട്ട് കാൽ നൂറ്റാണ്ടായിരിക്കുന്നു. കഴിഞ്ഞ 25 വർഷത്തെ നേട്ടകോട്ടങ്ങളുടെ വിശകലനവും ഇനിയും നാം എങ്ങനെ മുന്നോട്ട് പോകണം എന്നും ചിന്തിക്കേണ്ട ഈ സന്ദർഭത്തിൽ കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) നേതൃത്വത്തിൽ **"പഞ്ചായത്തീരാജിന്റെ കാൽ നൂറ്റാണ്ട്"** എന്ന വിഷയത്തിൽ ദേശീയ സമ്മേളനം **2018 ഏപ്രിൽ 24-25 തീയതികളിൽ തിരുവനന്തപുരത്ത്** മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിക്കുന്നു.

ഒന്നാം ദിവസം രാവിലെ 9.30ന് ആരംഭിക്കുന്ന പരിപാടികളിൽ രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ധർ, ജനപ്രധിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിങ്ങനെ മുന്നൂറോളം പ്രധിനിധികൾ പങ്കെടുക്കുന്നു.

കേരള തദ്ദേശഭരണ വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ആമുഖ സെഷനുകളിൽ **ഡോ. തോമസ് ഐസക്** (കേരള ധനകാര്യ വകുപ്പ് മന്തി) ആമുഖ പ്രഭാഷണം നടത്തും. മുൻ കേന്ദ്ര ഗ്രാമ വികസന വകുപ്പ് മന്ത്രി **ശ്രീ. ജയറാം രമേഷ്** വിശിഷ്ടാതിഥിയാകും. തുടർന്ന് കാൽ നൂറ്റാണ്ടിലെ പഞ്ചായത്തീരാജ് എന്ന വിഷയത്തിൽ **ശ്രീ. എം. എ. ബേബി** (മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി), **ഡോ. മീനാക്ഷിസുന്ദരം** (മുൻ കേന്ദ്ര ഗ്രാമ വികസന സെക്രട്ടറി), **ശ്രീ. എസ്. എം. വിജയാനന്ദ്** (മുൻ കേന്ദ്ര പഞ്ചായത്തി രാജ് സെക്രട്ടറിയും മുൻ കേരള ചീഫ് സെക്രട്ടറിയും) എന്നിവർ വിഷയങ്ങൾ അവതരിപ്പിക്കും. ആദ്യത്തെ കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രി ആയിരുന്ന **ശ്രീ. മണിശങ്കർ അയ്യർ** വിശിഷ്ടാതിഥിയാകും.

കേരളത്തിലെ പഞ്ചായത്തി രാജിന്റെ അനുഭവങ്ങളെകുറിച്ചുള്ള സെഷനിൽ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ **ഡോ. വി.കെ. രാമചന്ദ്രൻ** അദ്ധ്യക്ഷനാകും. ആസൂത്രണ ബോർഡ് അംഗം **ഡോ. കെ. എൻ. ഹരിലാൽ** മുഖ്യ പ്രഭാഷണം നടത്തും.

തുടർന്ന് ഫിനാൻസ് കമ്മീഷൻ, കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളും പഞ്ചായത്തും, പഞ്ചായത്തി രാജും സ്ത്രീ ശാക്തീകരണവും, വിവിധ സംസ്ഥാനങ്ങളിലെ പഞ്ചായത്തി രാജ് അനുഭവങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സെഷനുകൾ ഉണ്ടായിരിക്കും.

രണ്ടാം ദിവസം തദ്ദേശ ഭരണ വകുപ്പ് മന്തി ശ്രീ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമാപന സമ്മേളനത്തിൽ **ഡോ. തോമസ് ഐസക്, ശ്രീ. മണിശങ്കർ അയ്യർ, ശ്രീ. കുട്ടി അഹമ്മദ് കുട്ടി (മുൻ തദ്ദേശ ഭരണ വകുപ്പ് മന്ത്രി), ശ്രീ. എസ്. എം. വിജയാനന്ദ്, ഡോ. ജോർജ് മാത്യു, ഡോ. കെ. എൻ. ഹരിലാൽ** എന്നിവർ സംസാരിക്കും.

ഡോ. ജോയ് ഇളമൺ
ഡയരക്ടർ, കില